## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.സുപ്രീം കോടതി മുമ്പാകെ സർക്കാർ ഫയൽ ചെയ്ത SLP (C) D നം.6547/2020- ലെ അന്തിമവിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ)നം.1414/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 28.07.2020.**

പരാമർശം: 1) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No. 138 & 146/2016, OA No. 380 & 387/2017 -മേലുള്ള 19.12.2017 -ലെ ഉത്തരവ്.

2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No. 138/2016- ലെ MA 470/2018, OA 146/2016-ലെ MA 469/2018, OA No. 380/2017- ലെ MA No.468/2018, OA No. 387/2017- ലെ MA No.466/2018 എന്നിവയിന്മേലുള്ള 04.04.2018- ലെ അന്തിമ ഉത്തരവ്.

3) ബഹു.ഹൈക്കോടതിയുടെ OP (KAT) 2,3,5,7/2019- മേലുള്ള 14.11.2019- ലെ അന്തിമ ഉത്തരവ്.

4) ബഹു.സുപ്രീകോടതിയുടെ SLP(C)D നം.6547/2020- മേലുള്ള 05.06.2020- ലെ അന്തിമ ഉത്തരവ്.

### ഉത്തരവ്

ഗ്രാമ വികസന വകുപ്പിൽ നിന്നും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിൽ വിരമിച്ച ശ്രീ.ജോൺ പി.വി., ശ്രീ.വർഗ്ഗീസ് പി.സി. എന്നിവർക്ക് വില്ലേജ് 27.03.1985- ലും സർവ്വീസിൽ പ്രവേശിക്കുകയുണ്ടായി. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിൽ പ്രീ സർവ്വീസ് പരിശീലന കാലയളവ് പരിഗണിച്ച് ഹയർ ഗ്രേഡ് അനുവദിച്ചതിനെതിരെ ഓഡിററ് പരാമർശം ഉണ്ടാവുകയും അതിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കിയ തുക ഡി.സി.ആർ.ജി.-യിൽ നിന്നും തടഞ്ഞു വയ്ക്കുകയുമുണ്ടായി. പ്രസ്തുത നടപടിക്കെതിരെ ശ്രീ.ജോൺ പി.വി. OA No.138/16, 387/17 എന്നിവയും ശ്രീ.വർഗ്ഗീസ് പി.സി. OA No.146/2016, 380/17 എന്നിവയും ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത OA-കളിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1)- ലെ വിധിന്യായത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവായിരുന്നു.

"It is directed that no recovery shall be made from the applicants on the basis of the erroneous fixation of pay for which they cannot be held responsible."

ശ്രീ.ജോൺ പി.വി., ശ്രീ.വർഗ്ഗീസ് പി.സി. എന്നിവർ ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ഗ്രേഡ് 2 ആയി യഥാക്രമം 10.04.1985- ലും 27.03.1985- ലും സർവ്വീസിൽ പ്രവേശിക്കുകയുണ്ടായി. വില്ലേജ് എക്സ്റ്റെൻഷൻ തസ്തികയിലെ പരിശീലന കാലയളവ് പൂർത്തിയാക്കുകയും വില്ലേജ് എക്സ് റ്റെൻഷൻ ഓഫീസർ ഗ്രേഡ് I ആയി പ്രൊമോഷൻ ലഭിക്കുകയും ചെയ്തു. തുടർന്ന് ഹയർ ഗ്രേഡ് അനുവദിച്ചിരുന്നതും Extension Officer Housing Gr.II ആയി സ്ഥാനക്കയറ്റം ലഭിച്ചിരുന്നതും Third Time Bound Higher Grade അനുവദിച്ചിരുന്നതുമാണ്. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിലെ പരിശീലന കാലയളവ് കൂടി പരിഗണിച്ച് Time Bound Higher Grade അനുവദിച്ചതിനെതിരെ ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടാകുകയും ഇപ്രകാരം അധികമായി കൈപ്പറ്റിയ തുകയായ 3,52,203/- രൂപ ശ്രീ.ജോൺ പി.വി.-യുടെയും, 3,87,667/- രൂപ ശ്രീ.വർഗ്ഗീസ് പി.സി.-യുടെയും ബാധ്യതയായി നിശ്ചയിക്കുകയുണ്ടായി. 31.08.2014- ൽ ശ്രീ.ജോൺ

പി.വി.-യും 30.09.2014-ൽ ശ്രീ.വർഗ്ഗീസ് പി.സി.-യും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിൽ നിന്നും വിരമിക്കുകയുണ്ടായി. ഇവരുടെ DCRG തുകയിൽ നിന്നും പ്രസ്തുത തുക തടഞ്ഞു വയ്ക്കുകയുണ്ടായി. തടഞ്ഞുവച്ച DCRG തുകയും ആയതിന് 23.02.2016 മുതലുള്ള പലിശയും നൽകണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടാണ് ശ്രീ.ജോൺ പി.വി. OA No.138/16, 387/17 എന്നിവയും 20.08.2015 മുതലുള്ള പലിശ നൽകണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടാണ് ശ്രീ.വർഗ്ഗീസ് പി.സി. OA No.146/2016, 380/17 എന്നിവയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്തത്.

തുടർന്ന് 19.12.2017- ലെ ബഹു.ട്രിബ്യൂണലിന്റെ ഉത്തരവിൽ കൂടുതൽ സ്പഷ്ടീകരണത്തിനായി അപേക്ഷകർ MA No.470/18, MA No.466/18, MA No.469/18, MA No.468/18 ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത MA-യിന്മേലുള്ള 04.04.2018- ലെ വിധിയിൽ ബഹു.ട്രിബ്യൂണൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവാകുകയുണ്ടായി.

"The 1st respondent is directed to ensure that the amounts withheld from the DCRG of the applicants are released to them with interest at 9% per annum. The applicants are entitled to get interest from 19.12.2017 till the date of payment."

21/01/1971-ലെ സ.ഉ(ആർ.റ്റി) നം.96/71/ഡിഡി പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീസർവ്വീസ് പരിശീലന കാലയളവ് ഇൻക്രിമെന്റ്, പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവയ്ക്ക് പരിഗണിക്കാമെന്ന് ഉത്തരവായിരുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർക്ക് പ്രീസർവ്വീസ് പരിശീലനകാലയളവ് കൂടി കണക്കിലെടുത്ത് സർവ്വീസ് ആനുകൂല്യങ്ങൾ ലഭിച്ച് പോന്നു. പിന്നീട് ഇത് ഭേദഗതി ചെയ്ത് 30/06/1977- ലെ ജി.ഒ (പി) നം.88/77/ഡിഡി പ്രകാരം ഉത്തരവായിരുന്നു. ഇതിനുശേഷവും ആനുകൂല്യങ്ങൾ നൽകിവന്നതിനെതിരെ അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശം ഉണ്ടായതിനെ തുടർന്ന് 30/06/77-ന് മുമ്പ് സർവ്വീസിൽ ഉണ്ടായിരുന്ന വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാരുടെ പ്രീസർവ്വീസ് പരിശീലന കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കാവുന്നതാണെന്നും എന്നാൽ ടി തീയതിയ്ക്ക് ശേഷം സേവനത്തിൽ പ്രവേശിച്ചവരുടെ പ്രീസർവ്വീസ് പരിശീലന കാലയളവ് പെൻഷൻ ഉൾപ്പെടെ യാതൊരു സേവനാനുകൂല്യങ്ങൾക്കും പരിഗണിക്കാൻ ആവില്ലെന്നും ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. 11/05/2017 തീയതിയിലെ ജി.ഒ (ആർ.റ്റി) നം.1541/2017/തസ്വഭവ പ്രകാരം പ്രീസർവ്വീസ് പരിശീലനകാലം കൂടി കണക്കാക്കി പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റിയവരിൽ നിന്നും അധികമായി കൈപ്പറ്റിയ തുക തിരിച്ച് പിടിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതും അതനുസരിച്ച് 17/04/2017- ലെ 18445/എസ്റ്റാ.ബി2/16/സിആർഡി നമ്പർ കത്ത് പ്രകാരം, നേരത്തെ കൈപ്പറ്റിയ അധിക ആനുകൂല്യം തിരിച്ച് പിടിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർ എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. തെറ്റായി ഫിക്സേഷൻ നടത്തിയതുമൂലം അധികമായി കൈപ്പറ്റിയ തുക തിരികെ അടവാക്കാവുന്നതാണെന്ന് ഡിക്ലറേഷൻ നൽകിയിട്ടുണ്ടെങ്കിൽ ആയത് ഈടാക്കാവുന്നതാണ് എന്നതിനാൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19.12.2017- ലെ ഉത്തരവിനെതിരെ OP(KAT) No.2/2019, OP(KAT) No.5/2019, OP(KAT) No.3/2019, OP(KAT) No.7/2019 എന്നീ നമ്പരായി സർക്കാർ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത അപ്പീലുകൾ നിരസിച്ചുകൊണ്ട് ബഹു.ഹൈക്കോടതി 14.11.2019-ൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവായിരുന്നു.

"We refuse to interfere with the direction to disburse the withheld gratuity amount, except to the extent of reducing the interest to 6%, the payment to be effected within a period of one month from the date of receipt of a copy of this judgment. In case of failure to disburse the amount within the stipulated time, the interest shall stand enhanced to 9% and the interest component shall be recovered from the officials responsible for the delay."

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. അധിക തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ച് പിടിക്കാം എന്ന് ശ്രീ.ജോൺ പി.വി., ശ്രീ.വർഗ്ഗീസ് പി.സി. എന്നിവർ സത്യപ്രസ്താവന നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ OP(KAT) No.2/2019, OP(KAT) No.5/2019, OP(KAT) No.3/2019, OP(KAT) No.7/2019 എന്നീ അപ്പീലുകളിലെ 14.11.2019-ലെ ഉത്തരവിനെതിരെ സർക്കാർ SLP(C)D No 6547/2020 ഫയൽ ചെയ്യുകയുണ്ടായി.

SLP(C)D No. 6547/2020-ൽ ബഹു.സുപ്രീകോടതി 05.06.2020-ൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

*"We are not inclined to interfere with the impugnent order. The Special Leave Petitions are accordingly dismissed."*

മേൽ വിവരിച്ച സാഹചര്യത്തിൽ ഗ്രാമ വികസന വകുപ്പിൽ നിന്നും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിൽ വിരമിച്ച ശ്രീ ജോൺ പി.വി., ശ്രീ വർഗീസ് പി.സി. എന്നിവരുടെ ഡി.സി.ആർ.ജി.യിൽ നിന്നും തടഞ്ഞു വച്ച തുകയായ യഥാക്രമം 3,52,203/- രൂപ (മൂന്ന് ലക്ഷത്തി അൻപത്തിരണ്ടായിരത്തി ഇരുനൂറ്റിമൂന്ന് രൂപ മാത്രം) 3,87,667/- രൂപ (മൂന്ന് ലക്ഷത്തി എൺപത്തി ഏഴായിരത്തി അറുനൂറ്റി അറുപത്തിഏഴ് രൂപ മാത്രം) 19.12.2017 മുതൽ, തുക അനുവദിക്കുന്ന തിയതി വരെയുള്ള കാലയളവിലേക്ക് 6% പലിശ സഹിതം അനുവദിച്ച് ഉത്തരവാകുന്നു. ശ്രീ ജോൺ പി. വി., ശ്രീ വർഗീസ് പി. സി. എന്നിവരുടെ ഡി.സി.ആർ.ജി.യിൽ നിന്നും തടഞ്ഞു വച്ച തുകയുടെ പലിശ '2071 - 01 - 104 - 88 (C)NP - Interest on DCRG' എന്ന ശീർഷകത്തിൽ നിന്നും നൽകേണ്ടതാണ്.

ഇപ്രകാരം പരാമർശം (4) പ്രകാരമുള്ള ബഹു സുപ്രീം കോടതി വിധി നടപ്പിലാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ആർ എസ് കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

ശ്രീ.ജോൺ പി.വി., പനയ്ക്കൽ വീട്, നേതാജി നഗർ, പടന്നക്കാട് പി.ഒ., കാസർഗോഡ്.
ശ്രീ.വർഗ്ഗീസ് പി.സി., പുതുപ്പറമ്പിൽ, ഇടവരമ്പ് പി.ഒ., ചെറുപുഴ.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവന്തപുരം.
ധനകാര്യ വകുപ്പ് (Dev1/83/2018-Fin dtd.1.1.2020)
നിയമ വകുപ്പ് (227/SUITII (1)/2019/LAW dtd. 10.01.2020)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ